# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5371 — 23.05.2017- ൽ മറുപടിക്ക്

**മ്യൂസിയവും- മൃഗശാലയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ്.പി

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാന ജില്ലയിലെ മ്യൂസിയവും-മൃഗശാലയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) | തലസ്ഥാന ജില്ലയിലെ നേപ്പിയർ മ്യൂസിയം, ശ്രീ ചിത്രാ ആർട്ട് ഗ്യാലറി, നാച്വറൽ ഹിസ്റ്ററി മ്യൂസിയം,എന്നിവ ഉന്നത നിലവാരം പുലർത്തുന്നവയാണ്. അധികമായി വികസന പ്രവർത്തനങ്ങളും, ആധുനിക സംവിധാനങ്ങളും ഒരുക്കി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മൃഗശാല അന്താരാഷ്ട്ര നിലവാരത്തിൽ ആധുനിക വൽക്കരണം നടത്തുന്നതിന് അടുത്ത 20 വർഷത്തെ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു ബൃഹത്തായ മാസ്റ്റർപ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റിയ്ക്ക് കൈമാറുകയും അതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം മൃഗശാലയിൽ മാസ്റ്റർ പ്ലാൻ മുഖാന്തിരം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി നീർനായയുടെ പരിബന്ധനം, പക്ഷികൾക്ക് സ്വൈര വിഹാരത്തിനും, ജലപക്ഷികൾക്കായി അക്വാട്ടിക് ഏവിയറിയും നിർമ്മിച്ചു. കൂടാതെ അക്വേറിയം കൂടുതൽ ആകർഷണീയം ആക്കുന്നതിനും, കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനും പുറമെ ഇൻഡ്യൻ കാട്ടുപോത്തുകൾക്കായി ആധുനിക നിലവാരത്തിൽ പുതിയ പരിബന്ധനത്തിന്റെ നിർമ്മാണം നടന്നു വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരം ആധുനിക സംവിധാനത്തിലുള്ള മറ്റ് പരിബന്ധനങ്ങളും രൂപകൽപ്പന ചെയ്തു വരുന്നു.<br>തിരുവനന്തപുരം നേപ്പിയർ മ്യൂസിയം |
| (ബി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനും, ലോകോത്തര മാതൃകയിൽ പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും, വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ തുടർനടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ച് വരുന്നു.<br>കൂടാതെ നാച്വറൽ ഹിസ്റ്ററി മ്യൂസിയം ആധുനികവൽക്കരണം നടത്തുന്നതിനായി മ്യൂസിയം ആറ് മാസത്തേയ്ക്ക് അടച്ചിട്ട്, 3 ഡി ഇഫക്ടിലുള്ള പ്രദർശന സംവിധാനങ്ങൾ, സിവിൽ വർക്കുകൾ, എയർ കണ്ടീഷൻ എന്നിവ ഒരുക്കുന്നതിനായി നിർമ്മാണപ്രവർത്തികൾ നടന്നു വരികയാണ്.<br>ഇതിനും പുറമെ രാജാരവിവർമ്മയുടെ പെയിന്റിംഗുകളും, ചിത്രങ്ങളും, മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെ പെയിന്റിംഗുകളും, ചിത്രങ്ങളും പ്രദർശിപ്പിച്ചിട്ടുള്ള ശ്രീ ചിത്രാ ആർട്ട് ഗ്യാലറിയിൽ നിലവിലുള്ള സൗകര്യങ്ങളിൽ കൂടുതൽ ആകർഷണീയത ഒരുക്കിയും ഗ്യാലറി നവീകരണം നടത്തിയിട്ടുണ്ട്. കൂടാതെ ശ്രീ ചിത്രാ ആർട്ട് ഗ്യാലറി ആധുനിക സമുച്ചയത്തോടെ ലോകോത്തര നിവാരത്തിൽ നിർമ്മിച്ച് ബൃഹത്തായ ഒരു ഗ്യാലറിയായി തീർക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മ്യൂസിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി ടൂറിസം സാധ്യതകൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തിരുവനന്തപുരത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്നതാണ്. ധാരാളം ടൂറിസ്റ്റുകൾ ദിനംപ്രതി ഇവിടം സന്ദർശിക്കുന്നതിനാൽ ടൂറിസത്തിന്റെ സാധ്യതകൾ കൂടി കണക്കിലെടുത്താണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. |

(signature) Indhu

**സെക്ഷൻ ഓഫീസർ**